**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2166** — **09-02-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ബില്ലുകൾ തീർപ്പാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ബില്ലുകൾ തീർപ്പാകാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | **സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അപേക്ഷകളിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള സ്വകാര്യ ആശുപത്രി ബില്ലുകളും രണ്ട് ലക്ഷം രൂപയ്ക്ക് മുകളിലുള്ള സർക്കാർ ആശുപത്രികളിലെ ബില്ലുകളും ആരോഗ്യ വകുപ്പ ഡയറക്ടേറ്റിൽ പരിശോധിച്ച് നടപടി സ്വീകരിക്കുകയാണ് ചെയ്ത് വന്നിരുന്നത്. എന്നാൽ 18/12/2014 ലെ സർക്കുലർ നമ്പർ 107/2014/ധന പ്രകാരം മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ബില്ലുകളിലെ അനുവദനീയ തുക കണക്കാക്കി നല്കാൻ നിർദ്ദേശിച്ചിട്ടുള്ളതിനാൽ നിലവിൽ അനുവദനീയ തുക രേഖപ്പെടുത്തിയാണ് ബില്ലുകൾ അതാത് വകുപ്പുകൾക്ക് നൽകി വരുന്നത്. ഇത്തരത്തിൽ അധിക ജോലി കൂടി വന്നത് കാരണം അപേക്ഷ പരിശോധനയിൽ ഉദ്ദേശിച്ച അത്രയും വേഗത കൈവരിക്കുന്നതിന് തടസ്സം നേരിടുന്നുണ്ട്. എന്നാലും ഡയറക്ടറേറ്റിൽ ലഭ്യമാകുന്ന അപേക്ഷകൾ സീനിയോറിറ്റി പ്രകാരം തന്നെ പരമാവധി വേഗത്തിൽ പരിശോധന പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.** |
| (ബി) | എന്ന് വരെയുള്ള അപേക്ഷകളിലാണ് നിലവിൽ തീരുമാനം എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | 2022 ഫെബ്രുവരി മാസം വരെയുള്ള ഫയലുകളിലാണ് തീരുമാനം എടുത്തിട്ടുള്ളത്. |
| (സി) | എത്ര അപേക്ഷകളാണ് നിലവിൽ തീരുമാനമാകാതെയുള്ളത്; വ്യക്തമാക്കുമോ; | (സി) | 2023 ഫെബ്രുവരി 2 വരെ ലഭിച്ച അപേക്ഷകളിൽ 2199 എണ്ണം തീരുമാനം ആകാതെയുണ്ട്. |
| (ഡി) | അദാലത്ത് പോലുള്ള നടപടികൾ സ്വീകരിച്ച് പ്രസ്തുത ഫയലുകൾ തീർപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് അനുവദിക്കുന്നതിന് വരുന്ന കാലതാമസം പരിഹരിക്കാൻ ബില്ലുകൾ തീർപ്പ കല്പിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ അദാലത്തുകൾ നടത്തി വരുന്നു. ആയതിലേയ്ക്ക് എം.ആർസെക്ഷനിലെ മുഴുവൻ ജീവനക്കാരെയും കൂടാതെ സെക്ഷനുകളിലെ |

| | | | |
|---|---|---|---|
| | | | ജീവനക്കാരെയും അവധി ദിവസങ്ങളിലും നിയമിച്ച് ഫയലുകളിൽ തീർപ്പ കല്പിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ